

# വികാരിയിൽ നിന്ന് ...

23-02-2018

ദൈവനാമം മഹത്വപ്പെടട്ടെ!

കർത്താവിൽ പ്രീയ ദൈവജനമെ,

ഒരു സാമ്പത്തിക വർഷത്തിൻെറ അവസാനത്തിലേക്കാണ് നാം പ്രവേശിച്ചത്. ദൈവം തന്നതാണ് എല്ലാം എന്നത് നാം ഒരിക്കലും വിസ്മരിക്കരുത്. ആയതിനാൽ സ്വമേധയാ ദൈവനാമ മഹത്വത്തിനായി പ്രാപ്തി പോലെ നൽകാൻ നാം തയ്യാറാകണം. ഈ ദേശത്ത് വന്ന് ഇത്രയും സമൃദ്ധി അനുഭവിക്കുമ്പോൾ ദൈവനാമ മഹത്വത്തിനായി ഔദാര്യപൂർവ്വം നൽകുവാൻ നാം പരിശ്രമിക്കണം. ഇടവകയ്ക്ക് നൽകുവാനുള്ള സബ്സ്ക്രിപ്ഷൻ, സംഭാവനകൾ ആദിയായവ മുടക്കം കൂടാതെ നൽകിയാൽ മാത്രമേ ഇടവകയുടെ പ്രവർത്തനങ്ങൾ ഭംഗിയായി നടക്കുകയുള്ളൂ. ദൈവത്തിനു വേണ്ടി ഹൃദയപൂർവ്വം നാം നൽകുമ്പോൾ അവൻ നമ്മെ സമൃദ്ധിയായി അനുഗ്രഹിക്കും. അമർത്തി, കുലുക്കി, കവിഞ്ഞ് വരത്തക്കവണ്ണം വലിയ ഒരു അളവിൽ ദൈവം മടക്കിത്തരുവാൻ സമ്പന്നനാണ്. ആകയാൽ സന്തോഷത്തോടെ നൽകുക.

സഭ ഏറ്റവും പ്രാധാന്യത്തോടെ ആചരിക്കേണ്ട വലിയ നോമ്പിൻെറ നാളുകളിലാണ് നാം ആയിരിക്കുന്നത്. ബഹ്റിനിലെ മുസ്ലീം സഹോദരങ്ങൾ എത്ര നിഷ്ഠയോടെ, ചിട്ടയോടെ, ഭക്തിയോടെയാണ് നോമ്പ് അനുഷ്ഠിക്കുന്നത്. നോമ്പിൻെറ പരിശുദ്ധിയും, തീവ്രതയും, മഹത്വവും തിരിച്ചറിഞ്ഞ് നോമ്പ് അനുഷ്ഠിക്കുമെങ്കിൽ നമുക്ക് അത് വലിയ ഒരു അനുഗ്രഹമായി ഭവിക്കും. എന്നൽ ഇതിനെ ഒരു ചടങ്ങായി, ആചാരമായി മാത്രം കണ്ടാൽ ഇത് അനുഷ്ഠിക്കുന്നത് കൊണ്ട് ജീവിതത്തിൽ യാതൊരു പ്രയോജനവും സിദ്ധിക്കുകയില്ല. കർത്താവിൻെറ ജീവിതവും, പ്രവർത്തനവും, കഷ്ടാനുഭവവും, ക്രൂശ് മരണവും എല്ലാം തന്നെ മാനവജാതിയുടെ രക്ഷയ്ക്കും, വീണ്ടെടുപ്പിനും വേണ്ടി ഉള്ളതാണ്. വിശുദ്ധനായ പൌലോസ് പറയുന്നു "യേശു പാപികളെ രക്ഷിപ്പാൻ ലോകത്തിൽ വന്നു എന്നുള്ളത് വിശ്വാസ്യവും എല്ലാവരും അംഗീകരിപ്പാൻ യോഗ്യവുമായ വചനം തന്നെ" (1 തിമൊ. 1:15). കർത്താവ് മനുഷ്യവർഗ്ഗത്തിനു നൽകുന്ന രക്ഷ പ്രധാനമായും മൂന്ന് തലങ്ങളിലാണ്. 1. പാപത്തിൽ നിന്നുള്ള വിടുതൽ, 2. പൈശാചിക ശക്തികളിൽ നിന്നുള്ള വിടുതൽ, 3. മരണത്തിൽ നിന്നുള്ള വിടുതൽ. ഇവയിൽ നിന്നുള്ള മോചനം മനുഷ്യൻെറ പ്രയത്നം കൊണ്ട് നേടാവുന്നതല്ല. അതിനുവേണ്ടിയാണ് കർത്താവ് കാൽവറി ക്രൂശിൽ പരമയാഗമായിത്തീർന്ന് ഈ രക്ഷ നമുക്ക് കരഗതമാക്കിത്തന്നത്.

പാപം എല്ലാക്കാലത്തും മനുഷ്യമനസ്സിനെ വേട്ടയാടിക്കൊണ്ടിരിക്കുന്ന സങ്കടകരമായ, സങ്കീർണ്ണമായ ഒരു ദുരവസ്ഥയാണ്. കുഴഞ്ഞ ചേറു പോലെ എത്ര ഉയരാൻ ശ്രമിക്കുമോ അത്രയും താണു പോകുന്ന ദാരുണമായ അവസ്ഥ. ഈ പാപത്തിൻെറ സാർവത്രികതയെക്കുറിച്ച് വിശുദ്ധനായ പൗലോസ് പറയുന്നു. "ഏക മനുഷ്യനാൽ പാപവും, പാപത്താൽ മരണവും ലോകത്തിൽ കടന്നു. ഇങ്ങനെ എല്ലാവരും പാപം ചെയ്കയിൽ മരണം സകലമനുഷ്യരിലും പരന്നിരിക്കുന്നു" (റോമ. 5:12). യഹൂദനെന്നോ, യവനനെന്നോ വ്യത്യാസമില്ലാതെ

എല്ലാവരും ഒരുപോലെ പാപത്തിനധീനരാണ്. സങ്കീർത്തനക്കാരൻ ഈ യാഥാർത്ഥ്യം വ്യക്തമാക്കുന്നു "എല്ലാവരും വഴിതെറ്റി ഒരുപോലെ കൊള്ളരുതാത്തവരായിത്തീർന്നു. നന്മ ചെയ്യുന്നില്ല, ഒരുത്തൻപോലുമില്ല"(സങ്കീ. 14:3). എല്ലാ മനുഷ്യൻേറയും ഉള്ളിൽ പാപത്തെ സംബന്ധിച്ച് ഒരു വലിയ ആന്തരിക സംഘർഷം നടക്കുന്നുണ്ട്. ആയതിനാൽ പൌലോസ് നിലവിളിച്ചുകൊണ്ട് ചോദിക്കുന്നത്, "അയ്യോ ഞാൻ അരിഷ്ട മനുഷ്യൻ! മരണത്തിനധീനമായ ശരീരത്തിൽ നിന്ന് എന്നെ ആര് വിടുവിക്കും?" (റോമ. 7: 24). എന്നാൽ ക്രിസ്തുവിലൂടെ അവൻ നമ്മെ പാപത്തിൽനിന്നും വിമോചിപ്പിച്ചിരിക്കുന്നു. ക്രിസ്തു ക്രൂശിൽ ചൊരിഞ്ഞ രക്തം നമ്മുടെ സകല പാപവും പോക്കി നമ്മെ ശുദ്ധീകരിപ്പാൻ മതിയായതാണ്. നാം ഇത് വിശ്വസിക്കുകയും ഏറ്റു പറയുകയും ചെയ്യണം.

അതുപോലെ പൈശാചിക ശക്തികൾ (തിന്മയുടെ ശക്തികൾ) മനുഷ്യരെ എല്ലാക്കാലത്തും ഭയപ്പെടുത്തിക്കൊണ്ടിരിക്കുന്നു. കർത്താവിനെപ്പോലും തിന്മയുടെ ശക്തി (സാത്താൻ) പരാജയപ്പെടുത്തുവാൻ സർവ്വ ശക്തിയും ഉപയോഗിച്ച് പരിശ്രമിച്ചു. എന്നാൽ കർത്താവ് തിന്മയുടെ മുമ്പിൽ അടിയറവ് പറയാതെ ധീരതയോടെ അതിനോട് ഏറ്റുമുട്ടി അതിനെ പരാജയപ്പെടുത്തി. കർത്താവിനെപ്പോലും പിടിച്ചുകുലുക്കുവാൻ, വെല്ലു വിളിക്കുവാൻ ശക്തിയുള്ളവനാണ് ഈ സാത്താൻ. ആയതിനാൽ വിശ്വാസികളായ നാം ഈ പിശാചിൻെറ പ്രലോഭനങ്ങളിലും, തന്ത്രങ്ങളിലും, ചതിയിലും അകപ്പെടാതെ വളരെ ജാഗ്രത പാലിക്കേണ്ടിയിരിക്കുന്നു. ആത്മാവിൻെറ വാളെന്ന ദൈവ വചനവും, വിശ്വാസം എന്ന പരിചയും, ദൈവത്തിൻെറ സർവ്വായുധവർഗ്ഗവും ധരിച്ച് മാത്രമേ സാത്താനേ നേരിടാവൂ. ഈ നോമ്പിൻെറ നാളുകളിൽ പ്രാർത്ഥനയിലൂടെയും, ഉപവാസത്തിലൂടെയും, വചനധ്യാനത്തിലൂടെയും ശക്തി പ്രാപിച്ച് ബലപ്പെട്ട് മുന്നേറാൻ കഴിയണം. ഈ വർഷത്തെ നോമ്പ് നമുക്ക് എല്ലാവർക്കും ഈ അജയ്യ ശക്തി നേടാനുള്ള അസുലഭ സന്ദർഭമായിത്തീരട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

പാപത്തിൻെറ പരിണത ഫലമായിട്ടാണ് മരണം ഈ ലോകത്തിൽ ഉണ്ടായത് എന്ന് ദൈവവചനം സമർത്ഥിക്കുന്നു. എബ്രായ ലേഖന കർത്താവ് ഇപ്രകാരം പറയുന്നു "തൻെറ മരണത്താൽ നീക്കി ജീവപര്യന്തം മരണഭീതിയാൽ അടിമകളായിരുന്നവരെ ഒക്കേയും വിടുവിച്ചു" (എബ്രാ. 2:15). മരണം ഉണ്ടായതിനെക്കുറിച്ച് വിശുദ്ധ പൌലോസ് പറയുന്നു "ഏക മനുഷ്യനാൽ പാപവും, പാപത്താൽ മരണവും ലോകത്തിൽ വന്നു. ഇങ്ങനെ എല്ലാവരും പാപം ചെയ്യുകയാൽ മരണം സകല മനുഷ്യരിലും പരന്നിരിക്കുന്നു" (റോമ. 5:12). യേശുക്രിസ്തു മരിക്കുകയും, ഉയിർക്കുകയും, തന്മൂലം സകല മനുഷ്യവർഗ്ഗത്തിനും മരണത്തിനപ്പുറമായ പ്രത്യാശ പ്രദാനം ചെയ്യുകയും ചെയ്തിരിക്കുന്നു. പാപത്തിൽ നിന്നും, തിന്മ ശക്തികളിൽ നിന്നും, മരണത്തിൽ നിന്നും നമ്മെ വീണ്ടെടുത്ത് ക്രിസ്തുവിൻെറ രക്ഷണ്യപ്രവർത്തനത്തിൻെറ സാക്ഷികളാകുവാൻ ദൈവം നമ്മെ ഈ ലോകത്തിൽ ആക്കിയിരിക്കുന്നു. നോമ്പിൽ ഈ ദൌത്യം ഏറ്റെടുത്ത് നിർവ്വഹിപ്പാൻ കർത്താവ് നമ്മെ ഏവരേയും തൻെറ ആത്മാവിനാൽ ശക്തീകരിക്കട്ടെ എന്ന് പ്രാർത്ഥിച്ചു കൊണ്ട് നിർത്തുന്നു.

എന്ന്, നിങ്ങളുടെ ഇടവക വികാരി.




**റവ. ജോർജ് യോഹന്നാൻ**

ഫോൺ. 39732763,17250630

rev.georgeyohannan@gmail.com